Vol-1,N0:17
11-08-2007

*Kerala Catholic Bishops' Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25, ph: 0484 2806262, kcbcshv@gmail.com

**Commission Chairman**
Archbishop Mar Joseph Powathil
**Commission Secretary**
Fr. Johny Kochuparambil mst

**Vice-Chairmen**
Archbishop Dr. Daniel Acharuparambil
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

# ജാഗ്രത

## 01. ന്യൂനപക്ഷാവകാശം : ക്രൈസ്തവ സഭ ജാഗ്രത പാലിക്കണം :

**കെ. സി. ബി. സി ഐക്യ ജാഗ്രതാ കമ്മീഷൻ**

കേരളത്തിലെ ന്യൂനപക്ഷങ്ങൾ സുരക്ഷിതരാണോ? ഈക്കഴിഞ്ഞ കുറച്ച് നാളത്തെ സർക്കാർ തീരുമാനങ്ങളും നീക്കങ്ങളും പത്രമാസികകളിലൂടെ വായിക്കുകയും മാധ്യമങ്ങളിലൂടെ ദർശിക്കുകയും ചെയ്ത സാമാന്യജനതയെ സംബന്ധിച്ചിടത്തോളം ന്യൂനപക്ഷങ്ങൾ സുരക്ഷിതരല്ല എന്നു വേണം കരുതാൻ. ന്യൂനപക്ഷങ്ങൾ പ്രത്യേകിച്ച് ക്രൈസ്തവവിഭാഗം വളരെയധികം ആശങ്കാകുലരാണ്. ക്രൈസ്തവ സമൂഹം എന്നും വിലമതിച്ചു പോന്നിരുന്ന വിദ്യാഭ്യാസമേഖലയിലെ ഇടതുസർക്കാരിന്റെ കൈയേറ്റത്തിൽ തീർച്ചയായും ആകുലരാണ്. ഭരണഘടന നൽകുന്ന ന്യൂനപക്ഷാവകാശങ്ങൾ സംരക്ഷിക്കേണ്ടത് ക്രൈസ്തവരായ നമ്മുടെ ഓരോരുത്തരുടെയും ഉത്തരവാദിത്വവും ധർമ്മവുമാണ്. ഭരണഘടനയിലൂടെ സംലഭ്യമായിട്ടുള്ള അവകാശങ്ങൾ കവർന്നെടുക്കുവാനും ഇല്ലായ്മ ചെയ്യുവാനും നടന്നിട്ടുള്ള എല്ലാ ശ്രമങ്ങൾക്കുമെതിരെ കേരളത്തിലെ ന്യൂനപക്ഷങ്ങൾ പൊരുതി അവകാശങ്ങൾ വീണ്ടെടുത്തിട്ടുണ്ട്. അതുകൊണ്ട് ഇന്ന് ന്യൂനപക്ഷങ്ങളായ ക്രൈസ്തവർ നേരിടുന്ന ഭീഷണികളെ ചെറുക്കുവാൻ ക്രൈസ്തവ സഭയ്ക്ക് സാധിക്കും.

ഇന്ത്യൻ ഭരണഘടനയിലെ 30(1) ൽ അനുശാസിക്കുന്ന പ്രകാരം മതന്യൂനപക്ഷങ്ങൾക്ക് സ്വന്തമായി സ്ഥാപനങ്ങൾ സ്ഥാപിച്ച് നടത്തുവാനുള്ള അവകാശങ്ങൾ ഉണ്ടായിരിക്കുന്നതാണ്. 30 (2) ൽ പറയുന്നു, വിദ്യാലയങ്ങൾക്ക് ധനസഹായം നൽകുമ്പോൾ അവ മത- ന്യൂനപക്ഷമോ, ഭാഷാന്യൂനപക്ഷമോ നടത്തുന്നു എന്ന കാരണം കൊണ്ട് അവയോട് സർക്കാർ വിവേചനം കാണിക്കുവാൻ പാടില്ല. ന്യൂനപക്ഷപരിരക്ഷ ഭരണഘടനയിൽ ഉറപ്പുവരുത്തുവാൻ പ്രധാന കാരണം, മാറി മാറി വരുന്ന ഭൂരിപക്ഷ സർക്കാരുകളുടെ താത്പര്യമനുസരിച്ച് ന്യൂനപക്ഷം പ്രവർത്തിക്കേണ്ടി വരുന്നുമെന്നതാണ്. ആയതിനാൽ, മഹനീയമായ ജനാധിപത്യവകാശങ്ങളുടെ സംരക്ഷണത്തിന് ന്യൂനപക്ഷ പരിരക്ഷ അത്യാവശ്യമാണ്. ഭരണഘടനാ വിദഗ്ദരുടെ ആശങ്ക സത്യമായിരുന്നുവെന്ന് ഇന്നത്തെ കേരള സർക്കാരിന്റെ ന്യൂനപക്ഷ വിരുദ്ധ നീക്കത്തിൽ നിന്ന് വളരെ വ്യക്തമാണ്. വിദ്യാലയങ്ങളിലുള്ള ന്യൂനപക്ഷങ്ങളുടെ പരിരക്ഷ പ്രധാനമായും മൂന്ന് കാര്യങ്ങളിലാണ് ഉൾക്കൊള്ളുന്നത്. 1. വിദ്യാലയങ്ങൾ നടത്തുവാനും സ്ഥാപിക്കുവാനുമുള്ള അവകാശം. 2. കുട്ടികളുടെ പ്രവേശനത്തിനുള്ള അവകാശം. 3. അധ്യാപകനിയമനത്തിനുള്ള അവകാശം. ഈ മൂന്ന് അവകാശങ്ങളെയും ഉന്മൂലനം ചെയ്യുവാനാണ് ഇപ്പോഴത്തെ കേരള സർക്കാർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്.

### 1. വിദ്യാഭ്യാസമേഖലയിലെ പ്രതിസന്ധികൾ

ന്യൂനപക്ഷാവകാശത്തിന്മേൽ സർക്കാർ കടന്നുകയറുന്നുവെന്ന് എല്ലാ ന്യൂനപക്ഷ സമുദായങ്ങളും ആരോപിക്കുമ്പോഴും സർക്കാർ നിലപാട് നിഷേധത്തിന്റേതാണ്. സർക്കാർ ചോദിച്ചുകൊണ്ടിരിക്കുന്നു, വിദ്യാഭ്യാസമേഖലയിൽ എന്തു പ്രശ്നമാണിവിടെ ഉണ്ടായിട്ടുള്ളതെന്ന്? ക്രൈസ്തവ സമൂഹത്തെ ന്യൂനപക്ഷങ്ങളല്ലാതാക്കുവാനുള്ള സർക്കാർ നീക്കം, സ്വാശ്രയ വിദ്യാഭ്യാസ മേഖലയെ പ്രതിസന്ധിയിലാക്കുന്ന നടപടി, ഞായറാഴ്ച അനുബന്ധ പ്രവൃത്തി ദിവസങ്ങളാക്കുവാനുള്ള നീക്കം, സ്കൂളിൽ തിരുസ്വരൂപം, പ്രാർത്ഥന, അസംബ്ലി എന്നിവ ഇല്ലാതാക്കാനുള്ള ശ്രമം, സ്കൂൾഭരണം ത്രിതലപഞ്ചായത്തുകളെ ഏല്പിക്കുന്ന നിലപാട്, സ്കൂളിൽ ശക്തമായ രാഷ്ട്രീയ ഇടപെടലുകളിലൂടെയും ഭീഷണികളിലൂടെയും സമ്മർദ്ദങ്ങളിലൂടെയും നിരീശ്വരത്വം പ്രചരിപ്പിക്കാനുള്ള നീക്കം, വികലമായ കൗമാര വിദ്യാഭ്യാസ പദ്ധതി ആവിഷ്ക്കരിക്കൽ, കരികുലം കമ്മിറ്റികളിലെ വിശ്വാസ-മത നിഷേധ സമീപനങ്ങൾ, രാജ്യത്തെ പരമോന്നത കോടതി നൽകിയിരിക്കുന്ന അവകാശങ്ങളെ ഭീഷണിയിലൂടെയും അക്രമത്തിലൂടെയും ഭിന്നിപ്പിക്കൽ തന്ത്രങ്ങളിലൂടെയും ഇല്ലാതാക്കുന്ന

പ്രവണത, സംസ്ഥാനത്തെ നല്ല രീതിയിൽ പ്രവർത്തിക്കുന്ന കോളേജുകളുടെഅഫിലിയേഷൻ റദ്ദാക്കുവാനുള്ള നടപടി, വിദ്യാർത്ഥി സംഘടനകളെ ഗുണ്ടാസംഘങ്ങളാക്കുന്ന പ്രവണത, കമ്മ്യൂണിസ്റ്റ് പ്രത്യയശാസ്ത്രം വിദ്യാർത്ഥികളിലും അധ്യാപകരിലും അടിച്ചേല്പിക്കുവാനുള്ള ബോധപൂർവ്വമായ നീക്കം എന്നിവ ഈ സർക്കാരിന്റെ ന്യൂനപക്ഷ വിരുദ്ധ നീക്കങ്ങൾക്ക് ഉദാഹരണങ്ങളാണ്. ഇത്രയേറെ പ്രശ്നങ്ങൾ ഉണ്ടായിട്ടും സർക്കാർ ഒരു പ്രശ്നവുമില്ലെന്ന് പറയുന്നത് മനസ്സിലാകുന്നില്ല. ദൈവികവും മാനവികവുമായ മൂല്യങ്ങളിൽ അധിഷ്ഠിതമായി രൂപം കൊടുത്തു വന്ന സമഗ്ര വിദ്യാഭ്യാസ സംസ്കാരത്തിന് ഭീഷണിയായ തീരുമാനങ്ങളാണ് ഇപ്പോഴത്തെ ഇടതു സർക്കാർ സ്വീകരിച്ചു കൊണ്ടിരിക്കുന്നത്.

## 2. സ്വാശ്രയ വിദ്യാഭ്യാസവും ന്യൂനപക്ഷാവകാശവും

സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രതിസന്ധികൾക്ക് കാരണമായിട്ട് സർക്കാർ ആക്ഷേപിക്കുന്നത് കത്തോലിക്കാ സഭയെയാണ്. എന്നാൽ എന്താണ് സത്യം? കേരളത്തിന്റെ സമ്പത്തും സംസ്കാരവും വിദ്യാർത്ഥികൾ മറ്റ് സംസ്ഥാനങ്ങളിൽ പഠനം തേടിപ്പോയതു മൂലം നഷ്ടമായപ്പോൾ സർക്കാർ മുമ്പോട്ട് വച്ച പരിപാര മാർഗ്ഗമായ പ്രൊഫഷണൽ സ്ഥാപനങ്ങൾ തുടങ്ങുവാൻ തയ്യാറായി മുമ്പോട്ട് വന്നത് കത്തോലിക്കാ സഭയാണ്. ഭീമമായ തുക മുടക്കി പ്രൊഫഷണൽ സ്ഥാപനങ്ങൾ തുടങ്ങിയാൽ ലാഭം ലഭിക്കില്ലെന്ന് ഇതര സമുദായ നേതാക്കൾക്ക് അറിയാമായിരുന്നു. ലാഭം ലഭിക്കുമായിരുന്നെങ്കിൽ അവരും പ്രൊഫഷണൽ സ്ഥാപനങ്ങൾ തുടങ്ങുമായിരുന്നു. സമൂഹത്തോടുള്ള പ്രതിബദ്ധത ഒന്നു കൊണ്ടു മാത്രമാണ് ലാഭം നോക്കാതെ വിശ്വാസികളിൽ നിന്നുള്ള പിരിവും ബാങ്ക് ലോണും വഴി സ്വാശ്രയ കോളേജുകൾ ആരംഭിക്കുക എന്ന സാഹസകൃത്യത്തിന് ക്രൈസ്തവ സഭ തയ്യാറായത്. ഈ യത്നങ്ങളെയാണ് സർക്കാരും മറ്റു ചിലരും കച്ചവടമെന്ന് നിരന്തരം ആക്ഷേപിക്കുന്നത്, പുതിയ നിയമങ്ങളിലൂടെ ശ്വാസം മുട്ടിച്ച് കൊല്ലുവാൻ ശ്രമിക്കുന്നത്. അതിന്റെ പ്രകടമായ ഉദാഹരണമായിരുന്നു ന്യൂനപക്ഷാവകാശങ്ങളെ പ്രത്യക്ഷമായി ലംഘിക്കുന്ന സ്വാശ്രയപ്രഫണൽ നിയമം-2006 എന്ന പേരിൽ നിയമസഭയിൽ അവതരിപ്പിച്ച് പാസ്സാക്കിയത്. എന്നാൽ ന്യൂനപക്ഷങ്ങളുടെ മൗലികമായ അവകാശത്തെ നിഷേധിക്കുന്ന നിയമം ഹൈക്കോടതി റദ്ദാക്കി. സുപ്രീം കോടതി പോലും സർക്കാർ നിയമത്തെ അനുകൂലിച്ചില്ല. ക്രൈസ്തവ സമൂഹം പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്തേയ്ക്ക് കടന്നുവന്നത് ഈ സംസ്ഥാനത്തു  നിലവാരമുള്ള വിദ്യാഭ്യാസം ലഭ്യമാക്കാനാണ്. സമ്പന്നരുടെയും രാഷ്ട്രീയക്കാരുടെയും മക്കൾക്ക് മറുനാടുകളിലും വിദേശത്തും പോയി പഠിക്കുവാനും ജോലി സമ്പാദിക്കുവാനും സാധിക്കും. എന്നാൽ പാവപ്പെട്ടവരുടെ മക്കൾക്ക് അത് സാധിക്കുന്നില്ല.

## 3. സർക്കാരിന്റെ കപടസാമൂഹ്യനീതി

സാമൂഹ്യ നീതിയുടെയും പ്രതിബദ്ധതയുടെയും പേരിലാണ് സ്വാശ്രയ മേഖലകളിൽ സർക്കാരും ചില കുട്ടിസംഘടനകളും ഇടപെടന്നുതെന്ന് അവകാശപ്പെടുന്നത്. എന്നാൽ, വെറുതെ അവകാശവാദം നടത്തുകയല്ല സാമൂഹ്യ നീതിയും പ്രതിബദ്ധതയും. അത് സമൂഹത്തിലെ പാവങ്ങൾക്ക് ഉപകാരപ്പെടുന്ന രീതിയിൽ പ്രവർത്തിച്ച് കാണിക്കലാകണം. കത്തോലിക്കാ സഭയുടെ സാമൂഹ്യ നീതിയെ പുച്ഛിച്ച് തള്ളുന്നവർ ചരിത്രം പഠിച്ചിട്ടില്ലെന്നത് സത്യമാണ്. പാവങ്ങളുടെ പാർട്ടിയെന്നാണ് കമ്മ്യൂണിസ്റ്റ്കാർ കേരള ജനതയെ തെറ്റിദ്ധരിപ്പിച്ചിട്ടുള്ളത്. എന്നാൽ പാവങ്ങളുടെ ഉന്നമനത്തിന് എന്തെങ്കിലും ചെയ്തത് കത്തോലിക്കാ സഭ മാത്രമാണ്. കുഷ്ഠരോഗികൾ, എയ്ഡ്സ് രോഗികൾ, അനാഥർ, വൃദ്ധർ ഇവർക്കൊക്കെ വേണ്ടി എന്തെങ്കിലും ചെയ്യുന്നത് ക്രൈസ്തവരാണ്. കേരള കത്തോലിക്കാസഭയുടെ 29 രൂപതകളിൽ 208 അഗതി മന്ദിരങ്ങൾ, 200 വൃദ്ധമന്ദിരങ്ങൾ , 2627 വിദ്യാഭ്യാസ സ്ഥാപനങ്ങൾ, 529 ആശുപത്രികൾ, 463 ടെക്നിക്ക് സ്കൂളുകൾ എന്നിവ പ്രവർത്തിക്കുന്നുണ്ട്. ഇതൊക്കെ വ്യക്തമായ സാമൂഹ്യനീതിയുടെയും പാവപ്പെട്ടവരുടെ ഉന്നമനത്തിനുവേണ്ടി സഭ പ്രവർത്തിക്കുന്നതിന്റെയും ഉദാഹരണങ്ങളല്ലേ? മാത്രമല്ല, എന്തിനുവേണ്ടിയാണ് സ്വകാര്യ മേഖലയിലെ വിദ്യാഭ്യാസസ്ഥാപനങ്ങളെല്ലാം അഴിമതി നിറഞ്ഞതാണെന്ന് അടച്ചാക്ഷേപിക്കുന്നത്?. ഇത് കേരളത്തിനപ്പുറമുള്ള സ്ഥാപനങ്ങളുടെ താത്പര്യങ്ങൾ സംരക്ഷിക്കുന്നത് വഴി ചിലർക്ക് ലഭിക്കുന്ന വൻ സംഭാവനകൾക്ക് വേണ്ടിയല്ലേ ? സർക്കാരിൽ പങ്കാളിത്തമുള്ള ചിലരുടെ കോടികളുടെ അഴിമതി മറച്ച് വെയ്ക്കുന്നതിനുവേണ്ടിയുമല്ലേ?. സ്വാശ്രയ മേഖലയിൽ സാമൂഹ്യ പ്രതിബദ്ധത തെളിയിക്കാൻ സഭയ്ക്ക് ആരുടെയും സർട്ടിഫിക്കറ്റ് ആവശ്യമില്ല.  മനുഷ്യാവകാശ തത്ത്വമനുസരിച്ച് നിർബന്ധ വിദ്യാഭ്യാസം എല്ലാ കുട്ടികൾക്കും നൽകുക എന്നത് ഗവൺമെന്റിന്റെ ഉത്തരവാദിത്വമാണ്. എന്നാൽ അടിസ്ഥാന വിദ്യാഭ്യാസം അവഗണിച്ച് എം. ബി. ബി. എസ്, എഞ്ചിനീയറിംഗ് ഫീസിന്റെ കാര്യത്തിൽ ദ്വന്ദ്വയുദ്ധം നടത്തുന്നത് ആത്മാർത്ഥതയല്ല.

## 4. ഇടയലേഖനങ്ങളുടെ പ്രസക്തി

അഭിവന്ദ്യപിതാക്കന്മാർ പുറപ്പെടുവിക്കുന്ന ഇടയലേഖനങ്ങൾ വിശ്വാസികളിൽ ശക്തമായ ബോധവത്ക്കരണത്തിനാണ് ഊന്നൽ നൽകിയത്. സഭയുടെ സാമൂഹ്യ നീതി, അത് നടപ്പാക്കുവാനുള്ള പ്രതിബദ്ധത

ബോധ്യപ്പെടുത്തി. ന്യൂനപക്ഷാവകാശങ്ങൾ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയും വിദ്യാഭ്യാസ മേഖലയിലെ കടന്നാക്രമണവും ക്രൈസ്തവ സമൂഹത്തെ നശിപ്പിക്കുവാനുള്ളള നിഗൂഢ നീക്കങ്ങളുണ്ടെന്ന് വിശ്വാസികളെ മെത്രാന്മാർ ബോധ്യാപ്പെടുത്തുവാൻ ശ്രമിച്ചത്. ജാഗ്രതാസമിതികൾ, സുരക്ഷാ സമിതികൾ എന്നിതര ത്തിലുള്ള സമിതികളുടെ ആരംഭം, അവകാശം സംരക്ഷിക്കുവാനുള്ള ക്രൈസ്തവരുടെ ഉത്തരവാദിത്വത്തെ യാണ് കാണിക്കുന്നത്. കേരളത്തിലെ മിക്ക രൂപതകളും ഇടയലേഖനങ്ങൾ ഇറക്കിക്കഴിഞ്ഞു.
ബാക്കി രൂപതകളും ഇടയലേഖനങ്ങൾ ഇറക്കുവാൻ തീരുമാനിച്ചിരിക്കുന്നു. മേഖലാതലത്തിലും സംസ്ഥാന തലത്തിലും പ്രതിനിധി സമ്മേളനങ്ങളും പ്രക്ഷോഭങ്ങളും ഉടനെ ആരംഭിക്കും. അങ്ങനെ ന്യൂനപക്ഷാവകാശ ങ്ങളെപ്പറ്റി ബോധാവാന്മാരാക്കുവാനും അവകാശങ്ങൾ സംരക്ഷിക്കുവാനും നമുക്ക് സാധിക്കും. ഇടയലേഖ നങ്ങൾ പിൻവലിക്കുവാനുള്ള പിണറായി വിജയന്റെ പരാമർശത്തെയും 1957, 2007 അല്ല എന്ന എ. കെ ആന്റ ണിയുടെ പ്രസ്താവനയേയും കേരളത്തിലെ ന്യൂനപക്ഷങ്ങൾ പുച്ഛിച്ചു തള്ളി. ഇടയലേഖനങ്ങൾ വിശ്വാസികളെ ധാർമ്മി കമായും വിശ്വാസപരമായും വസ്തുതകൾ പ്രബോധിപ്പിക്കുവാനുള്ളതാണ്. ഇടയലേഖനങ്ങൾ പിൻവലിച്ച ചരിത്രം ഉണ്ടായിട്ടില്ല. അത് വളരെ പ്രാർത്ഥനയോടെയും ചിന്തയോടെയും ജനങ്ങൾക്ക് വേണ്ടി തയ്യാറാക്കു ന്നതാണ്. രാഷ്ട്രീയക്കാരുടെ പ്രസ്താവനകൾ പോലെ പറയുകയും പിൻവലിക്കുകയും ചെയ്യുവാനുള്ളതല്ല ഇടയലേഖനങ്ങൾ. ഇടയലേഖനങ്ങൾ പിൻവലിക്കണമെന്ന് ആവശ്യപ്പെടുന്നതിന് പകരം സർക്കാരും രാഷ്ട്രീ യപാർട്ടികളും തെറ്റ് തിരുത്തുകയാണ് ആദ്യം വേണ്ടത്.

## 5. വിമോചന സമരത്തിന്റ ആവശ്യകത

വേണ്ടി വന്നാൽ വിമോചന സമരം എന്ന ആർച്ച് ബിഷപ് ആൻഡ്രൂസ് താഴത്തിന്റെ പ്രസ്താവനയെ വളച്ചൊടിച്ച് വിമോചന സമരത്തിന് കത്തോലിക്കാ സ്ഥാപനങ്ങൾ ഇറങ്ങുന്നുവെന്ന് കൊട്ടിഘോഷിച്ചു. എന്നാൽ, അഭിവന്ദ്യ പിതാവ് പറഞ്ഞത് സർക്കാർ ന്യൂനപക്ഷ സ്ഥാപനങ്ങൾക്കെതിരെ ധ്വംസന പരിപാടികൾ തുടർന്നാൽ വീണ്ടുമൊരു വിമോചനസമരം ഉണ്ടാകുമെന്നാണ്. ഭരണഘടന നൽകുന്ന അടിസ്ഥാനാവകാശ ങ്ങൾ നിഷേധിച്ചാൽ തീർച്ചയായും സമര പരിപാടികൾ അത്യാവശ്യമാണ്. അതിന്റെ രൂപവും ഭാവവും അപ്പോൾ തീരുമാനിക്കും. എപ്പോഴൊക്കെ സഭ സമരത്തിന് മുന്നോട്ട് ഇറങ്ങിയിട്ടുണ്ടോ അപ്പോഴൊക്കെ വിജയിച്ച ചരി ത്രമേ ഉണ്ടായിട്ടുള്ളൂ. ഇപ്പോഴും സമരത്തിന് ഇറങ്ങിയാൽ വിശ്വാസികൾ ഒപ്പം ഉണ്ടാകും, സമരം വിജയിക്കു കയും ചെയ്യും.

## 6. വിദ്യാർത്ഥി സംഘടനകളെ ഗുണ്ടാസംഘങ്ങളാക്കുന്ന പ്രവണത

വൈറ്റില ടോക്ക്. എച്ച് സ്കൂളിലെ എൻട്രൻസ് പരീക്ഷാ സമയത്ത് എസ്. എഫ്. ഐ, എ. ഐ. എസ്. എഫ്, എ. ഐ. വൈ. എഫ് എന്നി സംഘടന പ്രവർത്തകർ നടത്തിയ അക്രമം സർക്കാരിന്റെ വിദ്യാർത്ഥി സംഘടനകളെ ഗുണ്ടാസംഘങ്ങളാക്കുന്ന പ്രവൃത്തിയുടെ വ്യക്തമായ തെളിവാണ്. പരീക്ഷാഹാളിലേയ്ക്ക് കല്ലെറിഞ്ഞ സമരക്കാർ മേശകളും കസേരകളും തല്ലി ത്തകർത്തു. പരീക്ഷാർത്ഥികൾക്ക് വിതരണം ചെയ്യാ നെത്തിച്ചിരുന്ന ഡൂപ്ലിക്കേറ്റ് ഹോൾടിക്കറ്റുകൾ കീറിയെടുത്തു. കേരളത്തിന്റെ പലഭാഗത്തു നിന്നും കഷ്ടപാ ടുകൾ സഹിച്ച് പ്രവേശന പരീക്ഷയ്ക്ക് വന്ന മൂവായിരത്തോളം വിദ്യാർത്ഥികൾ നിരാശരായി മടങ്ങേണ്ടി വന്നു. ഇതേ തുടർന്ന് കോടതിയുടെ ഇടപെടൽ മൂലം പോലീസ് സംരക്ഷണത്തോടുകൂടി പ്രവേശന പരീക്ഷ ഇക്കഴിഞ്ഞ ദിവസം നടത്തി. മുൻകാലത്തെ ഭീതിപ്പെടുത്തുന്ന അനുഭവം കൊണ്ടാവണം രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികളിൽ പകുതി പേർ പോലും പ്രവേശന പരീക്ഷയിൽ പങ്കെടുത്തില്ല, അല്ലെങ്കിൽ പകുതി പേരും മറ്റ് സംസ്ഥാനങ്ങളിൽ അഡ്മിഷൻ വാങ്ങിച്ചുവെന്നതാണ്. ഇത് വിദ്യാഭ്യാസ മേഖലയെ തകർക്കുവാനുള്ള കരുതിക്കൂട്ടിയുള്ള നിഗൂഡ നീക്കത്തിന്റെ ഭാഗമായിരുന്നു. അതുപോലെ തന്നെ കുട്ടിരാഷ്ട്രീയക്കാരെ കൊണ്ട് സംസ്കാരശൂന്യമായ പ്രസ്താവന നടത്തി ക്രൈസ്തവസഭയെ തേജോവധം ചെയ്യുവാനും ഈ സർക്കാർ ശ്രമിക്കുന്നു. വൈദികരെ ചാട്ടവാറു കൊണ്ടടിക്കണം, കൈക്കൂലിക്കാർ എന്നൊക്കെ വിളിപ്പിച്ച് രാഷ്ട്രീയ മുന്നേറ്റമുണ്ടാക്കാൻ ശ്രമിക്കുന്ന ഈ കുട്ടി സഖാക്കളാണോ, നാളെ കേരളം ഭരിക്കാൻ പോകുന്നത്. എന്നാൽ കേരളത്തിന്റെ ഭാവിയും അവതാളത്തിലായതുതന്നെ.

## 7. സർക്കാരിന്റെ പ്രതികാര നടപടി

സമൂഹത്തിൽ ഏറ്റവും നല്ല രീതിയിൽ നടക്കുന്ന ക്രൈസ്തവ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അഫി ലിയേഷൻ റദ്ദാക്കിയ യൂണിവേഴ്സിറ്റി നടപടികൾ ക്രൈസ്തവ വിദ്യാഭ്യാസ സ്ഥാപനങ്ങൾ തകർക്കുവാനു ള്ള സർക്കാർ അറിവോടുകൂടിയുള്ള നീക്കമാണ്. മാത്രമല്ല, വിദ്യാർത്ഥികളിൽ ആശങ്ക ജനിപ്പിക്കുവാൻ ഇത് കാരണമാക്കി. പഞ്ചായത്ത് തലത്തിൽ രാഷ്ട്രീയക്കാരിലൂടെ സ്കൂൾ അധികാരികളെ ബുദ്ധിമുട്ടി ക്കുക, സ്കൂളുകൾക്ക് അംഗീകാരം കൊടുക്കൽ കാരണമില്ലാതെ വൈകിപ്പിക്കുക, ക്രൈസ്തവ മേഖലയിൽ

എല്ലാ വിധത്തിലുള്ള ബുദ്ധിമുട്ടുകൾ നൽകി ക്കൊണ്ട് ഇപ്പോഴത്തെ കേരള സർക്കാർ ക്രൈസ്തവ വിരുദ്ധ നടപടികൾ തുടർന്നുകൊണ്ടേയിരിക്കുന്നു.

### 8. ക്രൈസ്തവ സമൂഹത്തെ ഭിന്നിപ്പിക്കാനുള്ള സർക്കാർ നീക്കം

വിദ്യാഭ്യാസ മേഖലയിലെ പ്രശ്നങ്ങളെല്ലാം പരിഹരിച്ചുവെന്ന് വിദ്യാഭ്യാസ മന്ത്രി പറയുമ്പോഴും, യാഥാർത്ഥ്യം ഇനിയും ന്യൂനപക്ഷങ്ങളുടെ ആശങ്ക അകറ്റുവാൻ കഴിഞ്ഞിട്ടില്ലന്നതാണ് സത്യം. ചില മെത്രാന്മാരുടെ അടുത്തുപോയി ചർച്ച ചെയ്തതിനുശേഷം പ്രശ്നമെല്ലാം തീർന്നുവെന്ന് വിളിച്ചു പറയുന്നതിൽ കാര്യമില്ല. ഈ സർക്കാരിന് പ്രശ്നം പരിഹരിക്കണമെന്ന് ആത്മാർത്ഥമായ ആഗ്രഹമുണ്ടെങ്കിൽ കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ വിദ്യാഭ്യാസ കമ്മീഷനുമായി ചർച്ച ചെയ്ത് പ്രശ്നങ്ങൾക്ക് പരിഹാരം കാണുവാൻ മുമ്പോട്ട് വരണം. യഥാർത്ഥ പ്രശ്നങ്ങൾ മനസ്സിലാക്കണം. ഇന്ന് കേരളത്തിലെ മൂന്ന് ക്രൈസ്തവ വിഭാഗങ്ങളായ സീറോ മലബാർ, മലങ്കര, ലത്തീൻ എന്നീ സഭകൾ നല്ല ഐക്യത്തിലാണ് മുമ്പോട്ട് പോകുന്നത്. എന്നാൽ സഭകൾ തമ്മിൽ ഐക്യമില്ലായെന്ന് തെറ്റിദ്ധാരണ വളർത്തുവാൻ ചില മാധ്യമങ്ങളും നീങ്ങുന്നുവെന്ന സത്യം നാം വിസ്മരിക്കരുത്. ഇവർക്കെതിരെ അതീവ ജാഗ്രത പുലർത്തേണ്ടിയിരിക്കുന്നു.

### 9. കത്തോലിക്കാ വിരുദ്ധരെ വക്താക്കളാക്കുന്ന തെറ്റായ മാധ്യമ പ്രവണത

ഇന്ന് കത്തോലിക്കാ സഭ മനസ്സിലാക്കേണ്ട ഒരു സത്യമാണ് ചില മാധ്യമങ്ങൾ സ്വാർത്ഥതാത്പര്യത്തോടുകൂടി കത്തോലിക്കാ വിരുദ്ധരായ വ്യക്തികളെ കത്തോലിക്ക വക്താക്കളായി ചാനലുകളിലെ ചർച്ച വേളകളിലും ചില പത്രങ്ങളിലും ഉയർത്തികാണിക്കാറുണ്ട്. ഇത് മാധ്യമ ധർമ്മത്തിന് എതിരാണ്. ഇത് സാധാരണക്കാരിൽ സംശയം ഉടലെടുക്കുന്നതിന് കാരണമാകും. എന്നാൽ, ഇങ്ങനെ പ്രവർത്തിക്കുന്നവർ മനസ്സിലാക്കേണ്ടിയിരിക്കുന്നു, ഇത്തരം പ്രവൃത്തികളിലൊന്നും തകർന്നുപോകുന്നതല്ല കത്തോലിക്കാ സഭ. ഇത്തരം ദുഷ്പ്രചാരണം നടത്തുന്നവർ കത്തോലിക്കാ സഭയുടെ ചരിത്രം അറിയാത്തവരാണ്.

### 10. എല്ലാറ്റിനും കോടതി കയറണമെങ്കിൽ സർക്കാർ എന്തിന്?

ഇന്ന് എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം കോടതി മാത്രം എന്ന സ്ഥിതിയിലേക്കാണ് എത്തിയിരിക്കുന്നത്. കോടതി കയറി വളരെയധികം സാമ്പത്തിക നഷ്ടം ക്രൈസ്തവ സമൂഹത്തിന് ഈ സർക്കാർ വരുത്തിവെച്ചു. എന്നാൽ, സർക്കാർ കോടതി കേസ് നടത്തുന്നത് നമ്മുടെ നികുതി കാശുകൊണ്ടാണ്. എല്ലാ കേസുകളിലും സർക്കാർ തോൽക്കുന്നു. എന്നിട്ടും യാഥാർത്ഥ്യം തിരിച്ചറിയുവാൻ സർക്കാർ തയ്യാറാവുന്നില്ല. എല്ലാറ്റിനും കോടതിയാണ് പരിഹാരമെങ്കിൽ എന്തിനാണ് സർക്കാർ എന്ന് തോന്നിപ്പോകുന്നത് ഈയവസരത്തിലാണ്.

### 11. യഥാർത്ഥ പ്രശ്നങ്ങളിൽ നിന്നുള്ള ഒളിച്ചോട്ടം

ഇന്ന് കേരളത്തിന്റെ പ്രശ്നം എന്താണ്? പകർച്ചവ്യാധി, മാലിന്യം, കർഷകരുടെ ആത്മഹത്യ, കാലവർഷക്കെടുതിയിൽ വീടും സമ്പത്തും നഷ്ടമായവരുടെ പ്രശ്നങ്ങൾ, തോട്ടം തൊഴിലാളികളുടെ പട്ടിണി, അഴിമതി, തൊഴിലില്ലായ്മ, കുട്ടികളെ കാണാതെ പോകൽ, പൊട്ടിപ്പൊളിഞ്ഞ റോഡുകൾ. ഇത്തരത്തിലുള്ള അടിസ്ഥാന പ്രശ്നങ്ങളിൽ നിന്നും ഓടി അകലാനാണ് അനാവശ്യമായ ന്യൂനപക്ഷ അവകാശ ധ്വംസനം ഈ സർക്കാർ അഴിച്ചുവിടുന്നത്.

### ഉപസംഹാരം

ന്യൂനപക്ഷങ്ങൾക്ക് ഭരണഘടനയും കോടതിയും അനുവദിച്ചു നൽകിയ അവകാശങ്ങൾ നിഷേധിക്കരുത്. ന്യൂനപക്ഷങ്ങളെ ശിക്ഷിക്കുകയല്ല സംരക്ഷിക്കുകയാണ് ഒരു സർക്കാരിന്റെ ഉത്തരവാദിത്വം. സമീപകാലത്തെ സർക്കാർ നിലപാടിൽ നിന്ന് മനസ്സിലാകുന്നത് ന്യൂനപക്ഷ സമുദായങ്ങൾക്ക് അർഹമായ നീതി നിഷേധിക്കുവാൻ ആസൂത്രിതമായി ശ്രമം നടക്കുകയാണ് എന്നതാണ്. സ്വാശ്രയ വിദ്യാഭ്യാസസ്ഥാപനം തുടങ്ങി പ്രൈമറി സ്കൂൾ വരെ കടന്നുകയറുവാനുള്ള പ്രകടമായ നീക്കങ്ങൾ ഇതിന് വ്യക്തമായ തെളിവാണ്. കോടതി വിധികൾ നടപ്പാക്കാൻ സർക്കാരും വിദ്യാർത്ഥി സംഘടനകളും ന്യൂനപക്ഷങ്ങളെ അനുവദിക്കാത്ത സമീപനം ശക്തമായതോടെയാണ് പ്രതിഷേധിക്കുവാനും ക്രൈസ്തവ സമൂഹം നിർബന്ധിതരായത്. സർക്കാരിന് ന്യൂനപക്ഷങ്ങളോടുള്ള ആത്മാർത്ഥത തെളിയിക്കുവാനുള്ള സുവർണ്ണാവസരമാണിത്. അത് സർക്കാർ തെളിയിക്കണം. അങ്ങനെ ക്രൈസ്തവർ ഇന്ന് നേരിടുന്ന വിദ്യാഭ്യാസമേഖലയിലെ വെല്ലുവിളികളെ ദുരീകരിക്കണം.